"ഭരണഭാഷ-മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ.E1-1249/2012

തീയതി: 23..04..2013

===========================

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ശിശുവികസന പദ്ധതി ആഫീസർ, അട്ടപ്പാടി - സ്ഥലംമാറ്റം നൽകി നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ട് പരിധിയിൽ പോഷകാഹാരക്കുറവുമൂലം കുട്ടികൾ മരണപ്പെടുന്നുവെന്നുള്ള മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ പദ്ധതിയുടെ പ്രവർത്തനത്തിൽ ഇപ്പോഴുള്ള CDPO യുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

ഈ സാഹചര്യത്തിൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിലേയ്ക്കായി ചുവടെ പറയും പ്രകാരം ശിശുവികസന പദ്ധതി ആഫീസർമാരെ ഭരണപരമായ സൗകര്യാർത്ഥം സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, നിലവിൽ ജോലിചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | പൂർണ്ണ അധികച്ചുമതല കൈമാറേണ്ട ഓഫീസറുടെ പേര് |
|---|---|---|---|
| 1 | ശ്രീമതി. ഹേമലത. കെ ശിശുവികസന പദ്ധതി ആഫീസർ, അട്ടപ്പാടി | ഐ.സി.ഡി.എസ് പ്രോജക്ട്, തിരൂരങ്ങാടി അഡീഷണൽ | ശ്രീമതി. AK ശാന്തകുമാരി ശിശുവികസന പദ്ധതി ആഫീസർ, മണ്ണാർക്കാട് |
| 2 | ശ്രീമതി. ബിന്ദു ഗോപിനാഥ്, ശിശുവികസന പദ്ധതി ആഫീസർ, തിരൂരങ്ങാടി അഡീഷണൽ | ഐ.സി.ഡി.എസ് പ്രോജക്ട്, അട്ടപ്പാടി | ശ്രീ. PD നരേന്ദ്രനാഥ് ശിശുവികസന പദ്ധതി ആഫീസർ, കൊണ്ടോട്ടി അഡീഷണൽ |

സ്ഥലം മാറ്റം ലഭിച്ച ശിശുവികസന പദ്ധതി ആഫീസർമാരെ ചാർജ്ജ് നല്കിയിട്ടുള്ള CDPO മാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. ചുമതലകൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്

1) അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ജില്ലാ സാമൂഹ്യനീതി ആഫീസർ, പാലക്കാട്/മലപ്പുറം (സ്ഥലം മാറ്റം നല്കിയിട്ടുള്ള CDPO മാരെ ഉടൻ വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
3) പ്രോഗ്രാം ആഫീസർ, പാലക്കാട്/മലപ്പുറം
4) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.